Mr. P. Padmanabhan Tampi: In checking the court fee stamps.....

Rao Bahadur A. Rengasvami Aiyar: Whether a particular officer has affixed the proper amount of stamp or not, according to the stamp rules and regulations, it is not the duty of the Audit Department to check.

Mr. G. Narayana Aiyar: Petitions on which stamps ought to be affixed could be sent by post to all departments except the Judicial Department. Such petitions are taken by peons and the other irresponsible officers and they may misappropriate the stamps since there is no responsible officer in the office for recovering them. Is there not then a possibility of the stamp revenue being lost to the Government?

Rao Bahadur A. Rengasvamy Aiyar: The revenue will not be lost to Government, because the proper course for the receiving officer is to punch it. Or we have got to arrange for the use of impressed stamps in such cases, instead of affixing stamps. Probably that is the remedy.

Mr. P. Padmanabhan Tampi: Why not such stamps be impressed if that is the remedy?

Rao Bahadur A. Rengasvamy Aiyar: Yes, Sir, that will be considered if instances of such losses are frequent. The matter should be brought to notice and it will be duly considered by the department.

The next point which the honourable member brought to notice, is some defects in the manufacture of stamps. Probably proper space is not being allowed in the card for affixing stamps; gum not sufficient; and this and that; all these things will be considered and necessary possible action will be taken.

Mr. A. N. Visvanatha Pillai: ഒരണയ്ക്കു് രണ്ടു ചക്രം വിലവച്ചു വിൽക്കുന്നതായി അറിയാമോ?

Rao Bahadur A. Rengasvami Aiyar: Perhaps a small change is due to them, but they do not get it on account of the difficulty in getting change.

Mr. E. P. Varghese: Why not make it one chuckram twelve cash instead of one anna?

Chairman: Mr. Kattakayam does not propose to press the motion. Therefore I put to the vote of the House Demand XI—Stamps, for Rs. 67,908.

The motion was carried.

The grant was made.

DEMAND XII—REGISTRATION.

Mr. N. K. Padmanabha Pillai (*Director of Registration*): Sir I move for a grant not exceeding Rs. 3,17,960 under Demand XII—Registration.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: സർ, നമ്മുടെ ഗവണ്മെൻറ് പല മന്ത്രിമാരും പ്രവർത്തിക്കാറുണ്ട്. എന്നാൽ സമീപകാലത്തു ചെയ്തതുപോലെയുള്ള ഒരു മന്ത്രി ഗവണ്മെൻറ് ഇതിനുമുമ്പു ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. മുമ്പു ഗവണ്മെൻറു ഡാക്ടറെ പിടിച്ചു പേഷ്കാരാക്കിയ കഥ ഞാൻ കേട്ടിട്ടുണ്ട്. ഇതാ ഇപ്പോൾ ഒരു വ്യവസായ ഡയറക്ടറെ പിടിച്ചു് രജിസ്ട്രേഷൻ ഡയറക്ടരാക്കിയിരിക്കുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ അദ്ദേഹത്തെക്കാൾ കൂടുതൽ പരിചയം എനിക്കുണ്ട്. എന്നെ രജിസ്ട്രേഷൻ ഡയറക്ടരായി നിയമിച്ചിരുന്നെങ്കിൽ ഇതിനേക്കാൾ നന്നായിരുന്നേനെ. ഇതു കണ്ണിയാനെ പിടിച്ചു തെങ്ങേൽ കേറ്റിയതുപോലുള്ള ഒരു പ്രവൃത്തിയായിപ്പോയി. വേറെ കുറെ പേരെയും അവിടെ അവരോധിച്ചിട്ടുണ്ട്; തുകൽ വിദഗ്ധനെ പിടിച്ചു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ അവരോധിച്ചതു ബുക്കുകൾക്കു തുകൽ രജിസ്തർ ചെയ്യുന്നതിനാണൊ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഡയറക്ടർ ബുക്കുകൾ കുത്തികെട്ടുന്നതിനും കൊള്ളാമായിരിക്കും. മെസ്സേഴ്സ് ഹെലൻ, കുമാരദാസ് ഇവരെകൂടി ഈ ഡിപ്പാർട്ടുമെൻറിൽ എവിടെ അവരോധിക്കുവാൻ പോകുന്നു എന്നറിഞ്ഞില്ല. അവരെയും രജിസ്ട്രാന്മാരായി നിയമിക്കുകയില്ലയോ എന്നുള്ള സംശയം കൊണ്ടാണ് ഈ കാര്യം എനിക്കു പറയേണ്ടിവന്നതു്.

രജിസ്ട്രേഷൻ ഡയറക്ടരുടെ ശമ്പളം ൨൫൦ രൂപയാണെന്നാണ് ക്ലിപ്തപ്പെടുത്തിയിരിയ്ക്കുന്നതു്. മി. തൊമ്മൻ നിർദ്ദേശിച്ചിരിക്കുന്ന ശമ്പളമാകുന്നു അതു്. "തൊമ്മനു പോയാൽ തൊപ്പിപ്പാള" എന്നൊരു ചൊല്ലുണ്ട്. അതു തരത്തിലാണ് അദ്ദേഹം ഉണ്ടാക്കിവച്ചിരിക്കുന്നതു്. എന്തായാലും ഇങ്ങനെ ൨൫൦ രൂപമാത്രം ശമ്പളം നിശ്ചയിച്ചിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനു് ഇപ്പോൾ ൪൦൦ രൂപ കൊടുത്തിരിക്കുന്നു. ൨൫൦ രൂപാമാത്രം ശമ്പളമുള്ള ഉദ്യോഗത്തിനു ൪൦൦ രൂപ ശമ്പളമുള്ള ഒരുദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നു. ഇതു നീതീകരിക്കത്തക്കതും അനുവദനീയവും ആണോ എന്നാണ് ഞാൻ ഗവണ്മെൻറിനോടു ചോദിക്കുന്നതു; പൊതുമുതൽ ഈ വിധത്തിൽ ദുരുപയോഗപ്പെടുത്തുന്നതിനു് ആത്മാഭിമാനമുള്ള യാതൊരു പൗരനും ജനപ്രതിനിധികൾക്കും സഹിക്കുമല്ല.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു മറ്റുള്ള ഡിപ്പാർട്ടുമെൻറുകളെപ്പോലെ തന്നെ വിവരമുള്ള ആളുകൾ വളരെ ചുരുങ്ങും. എൻറെ താല്പര്യത്തിൽ അങ്ങനെയുള്ളവർ വളരെ വളരെ ചുരുക്കമാണ്. രജിസ്തർകച്ചേരികളിലെ ഇടപാടുകളെല്ലാം ബ്രിട്ടീഷ് രൂപയിലാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. തിരുവിതാംകൂർ രൂപ കൊടുത്താൽ കച്ചേരിക്കാർ എടുക്കയില്ല. രണ്ടു അര സക്കാർരൂപ മാത്രം കൊടുത്താൽപോര; ക്രൂടെ അരചക്രവും കൊടുത്താലേ ആ തുക അവർ സ്വീകരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഡയറക്ടർ തിരുവിതാംകൂറിലുള്ള ഏതെങ്കിലും കച്ചേരികളിലോ; മെയിൻ റോഡിൽക്കൂടി സഞ്ചരിക്കുമ്പോൾ കാണുന്ന മറ്റു കച്ചേരികളിലൊ മുന്നറിവുകൊടുക്കാതെ ചെന്നു ഒന്നു പരിശോധിച്ചു നോക്കട്ടെ. കച്ചേരിയിൽ ചെന്നു മേശക്കകത്തുള്ള പണവും പരിശോധിക്കട്ടെ; എന്നിട്ട് ഇപ്പുറത്തു ഒരു പെട്ടിക്കൂടി കാണും—സാധാരണയായി പണം ഇടുന്നതിനു രണ്ടു സെക്ഷൻ കാണും—അതുംകൂടി പരിശോധിക്കണം. രജിസ്ട്രാരും കീഴ്സിൽബന്ധികളുംകൂടി അവിടെ ഏന്തെങ്കിലും അഴിമതികർമം നടത്തുന്നു എന്നുള്ളതിന്റെ ഒരു രൂപം അപ്പോൾ ഡയറക്ടക്കു മനസ്സിലാക്കാൻ കഴിയും.

പകർപ്പുവാങ്ങാൻചെല്ലുന്നവർ ഒരുതുക കൊടുക്കണം. ആധാരം സ്വീകരിക്കുന്നതിന്റെ സീനിയോറിറ്റി കിട്ടണമെങ്കിൽ അതിനു പ്രത്യേകം ഒരു തുക കൊടുക്കണം. അനേകം ആധാരങ്ങൾ രജിസ്റ്റർചെയ്യാൻ വന്നിട്ടുണ്ടെങ്കിൽ അന്നു ഒരു നല്ലതുക കൊടുത്താലെ പ്രമാണം രജിസ്റ്റർചെയ്തുകിട്ടുകയുള്ളൂ. ആധാരം ഒത്തുനോക്കുന്നവകക്കു നാലുചക്രമാണു കുറഞ്ഞഫീസ്. നാലണയും ഫീസുണ്ട്. ഇതെല്ലാം അതാതുസ്ഥലത്തെ താരിപ്പനുസരിച്ചു കൂടിയും കുറഞ്ഞുമിരിക്കും. രജിസ്ട്രാക്കിയതിനുശേഷം പ്രമാണം തിരിച്ചുവാങ്ങിക്കണമെങ്കിൽ ശിപായിക്കു രണ്ടുചക്രം കൊടുക്കണം. ഇങ്ങനെ ഏതിനും കൈക്കൂലിയും കൈമടക്കുമായി ചെന്നില്ലെങ്കിൽ ഒരു കാര്യത്തിനും നിവൃത്തിയില്ലാതെ വരുന്നതാണ്.

മറ്റൊരുകാര്യം രജിസ്ട്രാരന്മാർ അവരുടെ അതൃത്തിവിട്ടു താമസിക്കുന്നു എന്നുള്ളതാണ്. രജിസ്ട്രാരന്മാർ അതാതു ജോലിസ്ഥലത്തുതന്നെ താമസിച്ചുകൊള്ളണമെന്നു സർക്കുലറുകൾ ഉണ്ട്. എന്നാൽ കടുത്തുരുത്തി രജിസ്ട്രാർ കോട്ടയത്താണു താമസിക്കുന്നതു്. ഏറ്റുമാനൂർ രജിസ്ട്രാർ അയാളുടെ സ്വദേശമായ പള്ളത്തുചെന്നു താമസിക്കുന്നു. ഇങ്ങനെ അതൃത്തിവിട്ടു താമസിക്കുന്നവരെ എതുപേരുണ്ടെന്നു് ഒരു കണക്കെടുത്താൽ ഇനിയും വളരെപേരെ കണ്ടെത്തും. അതു ചെയ്യുന്നില്ല. എങ്ങനെചെയ്യാനാണു്? വ്യവസായ ഡിപ്പാർട്ട്മെൻറിൽ വല്ല മണ്ണും പരിശോധിച്ചുകൊണ്ടിരിക്കുന്ന ആളിനു് ഇതുവല്ലതും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആധാരങ്ങൾക്കു രജിസ്റ്റർഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ ഡിപ്പാർട്ട്മെൻറ് ഒരു മാനദണ്ഡവും വച്ചിട്ടുള്ളതായി കാണുന്നില്ല. രജിസ്ട്രാക്കു പണം കൊടുത്താൽ ആ തുക എത്ര വേണമെങ്കിലും മുരുക്കിത്തരും. ഓരോ നാട്ടിലുള്ള ആധാരം എഴുത്തുകാരാണ് ഇതിനുള്ള ഉല്ലാളികൾ. അവർ കക്ഷികളുമായി ആദ്യമേ രജിസ്ട്രാർ യജമാനന്റെ വീട്ടിൽ ചെല്ലും. തിരുമുൽക്കാഴ്ചയെല്ലാം കൊടുത്തുകഴിയുമ്പോൾ മുൻപറയുന്ന മാറു പറയുമായി കുറെയുക പറഞ്ഞുതീർത്തു തള്ളാനുള്ള ഒരു വാചകംകൂടി ആധാരത്തിൽ ചേർത്തുകൊള്ളാൻ അദ്ദേഹം പറയും. പണം കൊടുക്കാൻ ആളുകൾ തയ്യാറായാൽ ഇവർ ഗവണ്മെൻറിനെക്കുടി വിഴുങ്ങുന്നതിനു മടിക്കുന്നവരല്ല.

ഈ ഡിപ്പാർട്ട്മെൻറിലെ ആവശ്യത്തിനുള്ള മുദ്രപ്പത്രങ്ങളെ വ്യാജമായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു ഞാൻ ഇന്നലാവിലെ ഒരു ചോദ്യം ചോദിക്കയുണ്ടായി. ഇതേസംബന്ധിച്ചു വേണ്ടവിധം ചെക്കു ചെയ്യുവാൻ തുടങ്ങിയപ്പോൾ ശരിയായ ഒരാൾ ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള അഴിമതികൾ നേരത്തെതന്നെ കണ്ടുപിടിക്കാമായിരുന്നു. ഇത്ര ഭീമമായശമ്പളം കൊടുത്തിരുത്തിയിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറു മേധാവിയെ നമുക്കു നിശ്ചയമായും ആവശ്യമില്ല. ഈ ഡിപ്പാർട്ട്മെൻറിൽ ധാരാളം അഴിമതികൾ നടക്കുന്നു. രജിസ്ട്രേഷൻ ഡയറക്ടരായിരിക്കുന്നതിനുള്ള സാമർത്ഥ്യം ഇദ്ദേഹത്തിനില്ല. വ്യവസായഡയറക്ടരായിരിക്കുന്നതിനുള്ള സാമർത്ഥ്യമാണ് ഇദ്ദേഹത്തിനുള്ളതു്.

Mr. Sayed M. Bava: രജിസ്ട്രേഷൻ ഡയറക്ടരുടെ സാമർത്ഥ്യത്തെപ്പറ്റി മെമ്പർ പരിശോധിച്ചിട്ടുണ്ടോ?

M. J. John Kattakayam: ഓരോ ഡിപ്പാർട്ട്മെൻറിനും ഓരോതരത്തിലുള്ള സാമർത്ഥ്യം ആവശ്യമാണ്. അതു പരിശോധിക്കാതെതന്നെ അറിയാം. രജിസ്ട്രേഷൻ ഡയറക്ടരാകണമെങ്കിൽ ഡിപ്പാർട്ട്മെൻറൽ ടെസ്റ്റു പാസ്സാകണം. ഇദ്ദേഹം ആ ടെസ്റ്റു പാസ്സായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു.

Mr. M. P. Madhavan Pillai: ഈ ഡിപ്പാർട്ട്മെൻറിൽ വലിയ അഴിമതികളും കുഴപ്പങ്ങളും ഉണ്ടായതിനുശേഷം അവ ഇല്ലാതാക്കുന്നതിനു തുടങ്ങലാബോധവും പ്രാപ്തിയും തൻറേടവും ഉള്ള ഒരു ഉദ്യോഗസ്ഥനെ ഈ ഡിപ്പാർട്ടുമെൻറധ്യക്ഷനായി നിയമിക്കണമെന്നു കരുതിയല്ലേ ഇപ്പോഴത്തെ ഡയറക്ടരെ നിയമിച്ചിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: എന്നു ഞാൻ വിശ്വസിക്കുന്നില്ല. അത്രായിരുന്നു ഗവണ്മെൻറിന്റെ ഉദ്ദേശമെങ്കിൽ സീനിയർ ഡിസ്ട്രിക്ട് രജിസ്ട്രാരായിരിക്കുന്ന മി. പത്മനാഭപിള്ളയെ രജിസ്ട്രേഷൻ ഡയറക്ടരായി നിയമിക്കുകയായിരുന്നു വേണ്ടത്.

ഡിപ്പാർട്ടുമെൻറിൽ പരീക്ഷ പാസ്സായ അനേകം ആളുകൾ ഈ ഡിപ്പാർട്ടുമെൻറിൽതന്നെ ഉണ്ട്. അന്യ ഡിപ്പാർട്ടുമെൻറിൽനിന്നും ഈ ഡിപ്പാർട്ടുമെൻറിലേക്ക് എന്തിനാണ് ഉദ്യോഗസ്ഥന്മാരെ ഇറക്കുമതി ചെയ്യുന്നത്? ഈ നയം ഏറ്റവും അധിക്ഷേപാർഹമായൊന്നാണ്. ഈ നയം പ്രോത്സാഹനം അർഹിക്കുന്ന യോഗ്യതയും പ്രാപ്തിയും ഉള്ള കീഴ് സിൽബന്ധികളെ നിരുന്മേഷരാക്കിത്തീർക്കുന്നു. അതിനാൽ കൈക്കൂലി വർദ്ധിക്കുന്നതിനും ഏതുതരത്തിലെങ്കിലും ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചിന്തയിൽമാത്രം തല്പരരായ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്നതിനും ആ നയം ഇടവരുത്തുന്നു. യാതൊരു ഡിപ്പാർട്ടുമെൻറിലും ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടും ഇങ്ങോട്ടും മാറിപകർത്തുക എന്ന നയം അഭിലഷണീയമല്ല. കൊള്ളരുതാത്ത ഉദ്യോഗസ്ഥന്മാരെയൊക്കെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലേക്കു പറഞ്ഞയക്കും. ഒരുപക്ഷെ ഇതു ഗവണ്മെൻറിന്റെ കുറവായിരിക്കും. ഗവണ്മെൻറിന്റെ അജ്ഞതപ്രകാരമായിരിക്കണം ഡിപ്പാർട്ടുമെൻറ് മേധാവി പ്രവർത്തിക്കുന്നത്. പക്ഷെ, ഡിപ്പാർട്ടുമെൻറിൽ ഇരുന്ന നല്ല തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ളവരും പരിക്ഷായോഗ്യതയുള്ളവരും ആയ ആളുകളുടെ അവകാശങ്ങളെ അവഗണിക്കുന്നതു് എത്രമാത്രം അന്യായമായിട്ടുള്ള ഒന്നാണെന്നു ഗവണ്മെൻറ് അറിഞ്ഞിരുന്നെങ്കിൽ ഇത്തരം സാഹസങ്ങൾക്കു ഗവണ്മെൻറ് തുനിയുകയില്ലായിരുന്നു.

Mr. M. N. Narayana Menon: സർ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ അഴിമതികളെപ്പറ്റി പലരും ഇവിടെ പ്രസ്താവിച്ചുവല്ലോ. ഈ വിഷയത്തിൽ രജിസ്ട്രേഷൻ ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഉദ്യോഗനിയമനത്തിൽ ഗവണ്മെൻറ് ശരിയായ ഒരു നയം കൈക്കൊള്ളുന്നില്ല. ഏതാനും കൊല്ലങ്ങൾക്കുമുമ്പു ഒരു ഡാക്ടറെ പേഷ്ക്കാരാക്കി. വ്യവസായഡിപ്പാർട്ടുമെൻറിലെ ഒരു വിദഗ്ദ്ധനായ വ്യവസായഡയറക്ടരെപ്പിടിച്ചു രജിസ്ട്രേഷൻ ഡയറക്ടരായി നിയമിച്ചതു് എന്തു് ഔചിത്യബുദ്ധിയോടുകൂടിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആരെ നിയമിച്ചാലും സക്കാർ കാര്യം മുറപോലെ നടക്കുമെന്നുള്ള ഒരു മനോഭാവമാണ് ഇതിൽ കാണുന്നതു്. ഡി

LIBRARY ARCHIVES Kerala Legislative Assembly

പ്പാർട്ടുമെൻറിലിരിക്കുന്ന യോഗ്യന്മാരായ ആളുകൾക്ക് ഇങ്ങനെയുള്ള നിയമനങ്ങൾ കൊണ്ടു പ്രമോഷൻകിട്ടുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാതെപോകുന്നു എന്നു കാണുമ്പോൾ അവർക്കു ന്യായമായി നിരാശ വരാവുന്നതാകുന്നു. അപ്പോൾ അനാശാസ്യമായ പലപലസംഗതികൾ ഉണ്ടാകാവുന്നതാണ്. അവ എന്തെല്ലാമാണെന്നു ഞാനിവിടെ വിവരിക്കുന്നില്ല. അനേകം കാലം ഈ ഡിപ്പാർട്ടുമെൻറിൽ ഇരുന്നു നല്ല യോഗ്യതയും നല്ല പേരും സമ്പാദിച്ച സീനിയർ ഡിസ്ട്രിക്ട് രജിസ്ട്രാർ ഇരിക്കെ അന്യഡിപ്പാർട്ടുമെൻറിൽനിന്നും ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റി യാതൊരുപരിചയവുമില്ലാത്ത ആളുകളെ നിയമിക്കുന്നത് ഒരിക്കലും നീതീകരിക്കാവുന്നതല്ല. ഇതൊക്കെക്കൂടി നോക്കുമ്പോൾ ഉദ്യോഗനിയമനകാര്യത്തിൽ ഗവണ്മെൻറ് ശരിയായ ഒരു തത്വവും അംഗീകരിച്ചിട്ടില്ലെന്നു പറയാൻ തോന്നിപ്പോകുന്നു. ഗവണ്മെൻറ് ധനസഹായംചെയ്തു വിദേശങ്ങളിലയച്ച പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിപ്പിച്ചുവരുത്തിയ ആളുകളെ ഏതു ഡിപ്പാർട്ടുമെൻറിനെ ഉദ്ദേശിച്ചാണോ അപ്രകാരം പഠിപ്പിച്ചു വരുത്തിയതു അവിടെത്തന്നെ നിയമിക്കയും വച്ചുകൊണ്ടിരിക്കയും വേണം. അഥവാ ഒരു ഡിപ്പാർട്ടുമെൻറിലിരുന്ന ആൾ ആ ഡിപ്പാർട്ടുമെൻറിലിരിക്കുവാൻ യോഗ്യനല്ല എന്നു കണ്ടാൽ അതായതു വ്യവസായഡയറക്ടരായിരുന്ന ആൾ ആ ഉദ്യോഗത്തിലിരിക്കുവാൻ കൊള്ളുകയില്ലെന്നു കണ്ടാൽ ഉടനെ ജോലിയിൽനിന്നും പിരിച്ചുവിടണം. അങ്ങനെയുള്ള യാതൊരു അയോഗ്യതയും ഇദ്ദേഹത്തെപ്പറ്റി പറഞ്ഞുകേട്ടിട്ടില്ല. രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും കുറവുണ്ടായിട്ടു അതിനെ പരിഹരിക്കാൻ ആണോ ഇദ്ദേഹത്തെ നിയമിച്ചതെന്നും മനസിലാകുന്നില്ല. അതുകൊണ്ടു് ഉദ്യോഗനിയമനകാര്യത്തിൽ ഗവണ്മെൻറിനെയാണു ക്രൂശത്തിൽ കുറ്റപ്പെടുത്തേണ്ടതു്.

ഒരാളിന് ഒരുദ്ധാരം രജിസ്ട്രാക്കുന്നതിനുവേണ്ടി രജിസ്ട്രാരെ അവന്റെ വാസസ്ഥലത്തേക്കു കൊണ്ടുപോകണമെന്നിരുന്നാൽ വലിയ വിഷമം ഇപ്പോഴുണ്ടു്. അതു പരിഹരിക്കേണ്ടതു് അത്യാവശ്യമാകുന്നു ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഡയറക്ടർ പ്രത്യേകം മനസ്സിരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. G. Narayana Aiyar : I beg to oppose the demand. My object in opposing the demand is to bring to the notice of the Government one irregularity in this department. Rule 137, passed under Regulation II of 1087, says:

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Narayana Aiyar.]

"The certificate of encumbrance shall contain a complete list of all acts and encumbrances affecting the property or properties in dispute."

In the face of this provision, in the printed form in which the encumbrance certificates are issued by the department we find the following saving clause:—

"(സ) ഏ. ഈ സംഗതിയിൽ ഹർജിക്കാരൻ കാര്യത്തെ ശോധനചെയ്തു യാതൊരു ശോധനയെയ്യാതായി വല്ലവനെയും അയക്കുകയാവട്ടെ ചെയ്തിട്ടില്ലാത്തതിനാൽ ആവശ്യമായ ശോധന ഈ ആഫീസിലെ ഒരു ക്ലാർക്ക് കഴിയുന്നിടത്തോളം സൂക്ഷ്മമായി ചെയ്തിരിക്കുന്നു. എന്നാൽ ഈ രക്ഷിച്ചിതത്തിൽ അടങ്ങിയ ശോധനഫലത്തിനു കായ്ഞ്ഞിട്ട് ഈ ആഫീസിൽനിന്നോ യാതൊരു സംഗതിവശാലും ഉത്തരവാദിയായിരിക്കുന്നതല്ല.

The rule specifically directs that the list of encumbrances given in the certificate shall be exhaustive and complete.

Mr. Kayalam Paramesvaran Pillai: Does the form of the encumbrance certificate form part of the rules?

Mr. G Narayana Aiyar: I think the form also may have been prescribed by the rules. I am not sure.

Mr. Kayalam Paramesvaran Pillai: Then, the form, including the saving clause which the member read, also forms part of the rule.

Mr. G. Narayana Aiyar: In the light of the specific provision in the rule, certainly this saving clause cannot form part of the rule.

As I said, Sir, the rule specifically directs that the encumbrance certificate *shall contain* a complete list of all encumbrances. And a substantial fee is charged for this certificate. In spite of that, the department is not prepared to undertake any responsibility in regard to the contents of this certificate. That, I submit, is a very deplorable state of affairs. For issuing a certificate for 12 years the department charges a fee of Rs 7½. It is therefore very regrettable that they do not undertake any responsibility as to the accuracy of the statements in the certificate. Sir, this leads to very serious consequences and loss to the parties concerned. It is high time that the Government consider this question seriously and make this department undertake the responsibility, at least in future. I do not think this is the case in British India. There, they hold themselves responsible for the accuracy of encumbrance certificates.

Chairman: Suppose the clerk concerned commits a mistake in preparing the certificate?

LIBRARY ARCHIVES Kerala Legislative Assembly

Mr. G. Narayana Aiyar: The clerk must be held responsible just like the examiners of the Civil Courts and the record keepers of the Taluk Offices. I submit therefore that Government must take immediate action on this matter and see that exhaustive and responsible certificates detailing all encumbrances are issued hereafter at least.

Mr. Tariatu Kunjitomman: സർ, രജിസ്ട്രേഷൻവകുപ്പിലെ അഴിമതികളെപ്പറ്റി എന്റെ സ്നേഹിതൻ മി. ജാൺകട്ടക്കയം പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. പലതരത്തിലുള്ള കൈക്കൂലികളും അഴിമതികളും എല്ലാ ഡിപ്പാർട്ടുമെൻറിലും നടക്കുന്നുണ്ടെങ്കിലും സാധാരണ കർഷകന്മാർക്കും മറ്റും അധികം ഇടപെടേണ്ടതായ രജിസ്ട്രേഷൻവകുപ്പിൽ അഴിമതിയുണ്ടാകുന്നതു ജനസാമാന്യത്തിനു വളരെ കഷ്ടനഷ്ടങ്ങൾക്കു ഇടവരുത്തുന്നു. പോലീസു വകുപ്പു് ഒരു കൈക്കൂലിവകുപ്പാണെന്നറിയാം. എന്നാൽ അവിടെ സാമാന്യജനങ്ങൾക്കെല്ലാം ഒരുപോലെ ഇടപെടേണ്ടതായ ആവശ്യം വരുകയില്ല. ഇപ്പോൾ കർഷകജനത സാമ്പത്തികാധഃപതനംനിമിത്തം അധഃപതിച്ചുകിടക്കുന്ന കാലമായതുകൊണ്ടു് അവരിൽ പലർക്കും തങ്ങളുടെ വകനിലവും പുരയിടങ്ങളും തീറുകൊടുക്കാനും അതുപോലെതന്നെ വാങ്ങാനും അത്യാവശ്യപ്പെട്ടിരിക്കുന്നു. അതിനായുള്ള ആധാരങ്ങളെല്ലാം രജിസ്റ്റരാക്കിക്കിട്ടുന്നതിനു ഇവർക്കു രജിസ്റ്റർകച്ചേരികളെ എപ്പോഴും അഭയംപ്രാപിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറുകാർ ചെയ്യുന്ന ഉപദ്രവങ്ങൾ ജനങ്ങൾക്കു പരക്കെയുള്ള ഉപദ്രവമായിത്തീരുന്നു. ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി അമിതമായി വർദ്ധിച്ചിട്ടുണ്ടു്. മി. ജാൺ പറഞ്ഞതുപോലെ കേവലം വട്ടംമാത്രമോ അല്ലെങ്കിൽ നാലണയൊ അല്ല അവിടത്തെ കൈക്കൂലി. ഒരു രൂപ; മൂന്നുരൂപാ, ഏഴുരൂപ, പത്തുരൂപ എന്നിങ്ങനെ അതിന്റെ തുകകൾ പോകുന്നു. ഒരു കുടുംബം ഭാഗം ചെയ്യാൻ സ്ത്രീകൾ ഉൾപ്പടെ വന്നാൽ അഞ്ചുരൂപാ മുതൽ പത്തുരൂപവരെ വരുന്ന ഒരു തുക കൊടുക്കാതെ അന്നു ആധാരം രജിസ്റ്റരാക്കിക്കിട്ടുവാൻ ഒക്കുകയില്ല.

Mr. J. John Kattakayam: അതിൽ കൂടുതൽ തുകയും കൊടുക്കേണ്ടിവരികയില്ലയോ?

Mr. Tariatu Kunjitomman: ഉണ്ടായിരിക്കാം. സാധാരണയായി ഭാഗഉടമ്പടികളും മറ്റും രജിസ്റ്റർ ചെയ്യിക്കുവാൻ സ്ത്രീജനങ്ങളെയും മറ്റും കൊണ്ടുവരുമ്പോൾ അന്നുതന്നെ ആധാരം രജിസ്റ്റാക്കിക്കിട്ടിയില്ലെങ്കിൽ നിരാശയോടെ മടങ്ങേണ്ടിവരുമല്ലോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

വിചാരിച്ച് എട്ടോ പത്തോ രൂപാ കൊടുത്തിട്ടെങ്കിലും അന്നുതന്നെ ആധാരങ്ങൾ രജിസ്റ്റർ ആക്കി മേടിക്കുവാൻ നോക്കും. ഡയറക്ടറോ ഗവണ്മെൻറുതന്നെയോ ഈ വിഷയത്തിൽ പ്രത്യേകം ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.

ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടരുടെ നിയമനത്തിൽ ചിലർ അതൃപ്തി പ്രകടിപ്പിക്കുന്നതു കണ്ടു ഞാൻ അതിനോടു യോജിക്കുന്നില്ല. അദ്ദേഹം ഈ ഡിപ്പാർട്ടുമെൻറിന്റെ മേധാവിയായിവന്നിട്ടു യാതൊരുദ്യോഷവും ഇതുവരെ ഞാൻ കണ്ടിട്ടില്ല.

Mr. M Govindan : ഇന്നത്തെ രജിസ്ട്രേഷൻഡയറക്ടർ ഒരു പ്രത്യേകവിഷയത്തിൽ വൈദഗ്ദ്ധ്യംസമ്പാദിച്ചിട്ടുള്ള ആളാകയാൽ ആ വിഷയത്തിലുള്ള യാതൊരു പാണ്ഡിത്യവും ആവശ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതു അക്ഷേപാർഹമല്ലെന്ന് എങ്ങിനെ പറയും?

Mr. Tariatu Kunjitomman : ഒരു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥനായിരിക്കാൻ എന്തു യോഗ്യതവേണമോ ആ യോഗ്യതയുള്ള ആളിനെ അവിടെ നിയമിക്കുന്നതു ഒരിക്കലും അക്ഷേപാർഹമല്ല. ഈ ഡിപ്പാർട്ടുമെൻറിൽ യാതൊരു സാങ്കേതിക പരീക്ഷയുടെയും ആവശ്യമില്ല. ഇന്നത്തെ ഡയറക്ടർ ഈ ഡിപ്പാർട്ടുമെൻറിൽ വന്നതിനുശേഷം കണ്ടിടത്തോളം ഡിപ്പാർട്ടുമെൻറിനു ഗുണമേ ഉണ്ടായിട്ടുള്ളൂ. എനിക്ക് ആരെയും സ്തുതിച്ചുപറയേണ്ട ആവശ്യമില്ല. അങ്ങനെ പറയാൻ തുടങ്ങിയാൽ ഓരോരുത്തക്കും ഓരോ ഉദ്യോഗസ്ഥന്മാരെപ്പറ്റിയും പലതും പറയാനുണ്ടായിരിക്കും. ഓരോ പ്രത്യേക പരിതസ്ഥിതികൾ വരുമ്പോൾ ഒരു ഡിപ്പാർട്ടുമെൻറിലിരിക്കുന്നവർ മറ്റൊരു ഡിപ്പാർട്ടുമെൻറിലേക്കു നിയമിക്കപ്പെട്ടു എന്നു വരാം. ഇന്നത്തെ ചീഫ്സെക്രട്ടറിതന്നെ ഏതെല്ലാം വിഷയത്തിൽ വിജ്ഞാനമുള്ള ആളാണ്. ചില വിഷയങ്ങളിൽ അദ്ദേഹം വിദഗ്ദ്ധനുമാണ്. അദ്ദേഹത്തെ കൃഷിഡിപ്പാർട്ടുമെൻറിൽതന്നെ വെച്ചുകൊണ്ടിരിക്കണമെന്നു പറയുന്നതു നീതിയാണോ? ഓരോ വകുപ്പിൽ വൈദഗ്ദ്ധ്യമുള്ളവരെ ആ വകുപ്പിൽതന്നെ വെച്ചുകൊണ്ടിരിക്കണമെന്നു പറയുന്നതു ശരിയല്ല. ഓരോ ഡിപ്പാർട്ടുമെൻറിലുമിരിക്കുന്നവർക്ക് ആ ഡിപ്പാർട്ടുമെൻറു ഭരിക്കാനുള്ള യോഗ്യതയുണ്ടോ എന്നാണറിയേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. G. Narayana Aiyar: എക്സൈസു കമ്മീഷണർ മി. രാമൻപിള്ള ആദ്യം ഏതു ഡിപ്പാർട്ടുമെൻറിലിരുന്നയാളായിരുന്നു?

Mr. Tariatu Kunjitomman: അങ്ങിനെ പലതും പറയാനുണ്ട്. ഒരു ഡാക്ടരെ പോഷ്കാരായി നിയമിച്ച കഥ ഇവിടെ ചിലർ പറഞ്ഞു. ഒരു മുൻസീഫായിരുന്ന മി. സി. ഒ. മാധവനെ ഇപ്പോൾ എക്സൈസ് കമ്മീഷണറായി നിയമിച്ചിരിക്കുന്നു. കൃഷിഡയറക്ടരായിരുന്ന ഡാക്ടർ കുഞ്ഞൻപിള്ളയെ ലാൻഡ് റവന്യൂ കമ്മീഷണരാക്കി. അക്കൗണ്ടഫീസരായിരുന്ന മി. കെ. ജാർജിനെ ചീഫ് സെക്രിട്ടറിയാക്കി. ഒടുവിൽ മി. കെ. ജാർജിനെ ലാൻഡ് റവന്യൂകമ്മീഷണരായും ഡാക്ടർ കുഞ്ഞൻപിള്ളയെ ചീഫ്സെക്രിട്ടറിയായും പരസ്പരം മാറി. ഇങ്ങനെയുള്ള അനേകം ഉദാഹരണങ്ങളും നാം ഇതിനുമുമ്പു കണ്ടിരിക്കേ ഒരുദ്യോഗസ്ഥനെ പ്രത്യേകടെക്നിക്കൽ യോഗ്യതകളൊന്നും ആവശ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിന്റെ അദ്ധ്യക്ഷനായി നിയമിച്ചതിൽ ഞാൻ ഒരനൌചിത്യവും കാണുന്നില്ല.

Mr. P. Padmanabhan Tampi: ഇദ്ദേഹം വിദേശങ്ങളിൽ നിന്നും സമ്പാദിച്ച അറിവ് അവശ്യമില്ലാത്ത ഡിപ്പാർട്ടുമെൻറിൽ അദ്ദേഹത്തെ നിയമിക്കുന്നതു് ആ അറിവിനെ ഒരുപയോഗപ്പെടുത്തുന്നതിനു തുല്യമല്ലേ?

Mr. Tariatu Kunjitomman: ഓരോ ആളുകൾക്കും ഓരോ തരത്തിലുള്ള വിശേഷാൽ അറിവുകളും ചിലകായ്യങ്ങൾക്കു പ്രത്യേകം താൽപര്യങ്ങളും കാണും. അവരെയെല്ലാം ഏതെല്ലാം ഡിപ്പാർട്ടുമെൻറിനു കൊടുക്കാൻ കഴിയുമെന്നല്ല, നിയമിക്കുന്ന ഡിപ്പാർട്ടുമെൻറിനെ ഭരിക്കാൻ ഈ ആളിനു യോഗ്യതയുണ്ടോ എന്നാണു നോക്കേണ്ടതു്. തുകൽ വിദഗ്ദ്ധനായിരുന്ന ആൾ ഇപ്പോൾ ഡിസ്ട്രിക്ട് രജിസ്ട്രാരായിരിക്കുന്നു. ഞാൻ മുമ്പേപറഞ്ഞതുപോലെ ഇപ്പോൾ എക്സൈസ് കമ്മീഷണരായിരിക്കുന്ന ആൾ മുൻപ് ഒരു മുൻസീഫായിരുന്നു. ഇവരെ നിയമിച്ചിരിക്കുന്ന ഉദ്യോഗത്തിനു ഇവർ പ്രാപ്തരാണോ എന്നാണു ചിന്തിക്കുവാനുള്ളതു്.

Mr. Komilezhathu Sankaran: തുകൽ വിദഗ്ദ്ധനെ ഡിസ്ട്രിക്ട് രജിസ്ട്രാരായി നിയമിച്ചപ്പോൾ വ്യവസായഡയറക്ടരെ രജിസ്ട്രേഷൻ ഡയറക്ടരായി നിയമിച്ചതു നീതീകരിക്കത്തക്കതല്ലേ?

Mr. Tariatu Kunjitomman: തുകൽ വിദഗ്ദ്ധനായാലും ആരായാലും ഇപ്പോൾ അവരെ ഏൽപ്പിച്ചിരിക്കുന്ന ജോലികൾ നട

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കൊണ്ടുപോകുവാൻ അവർ പ്രാപ്തരാണൊ എന്നാണു നോക്കേണ്ടതു്.

ഓരോ സ്ഥാനത്തുവേണ്ട വിദഗ്ദ്ധന്മാരെ നിയമിക്കണമൊ വേണ്ടയൊ എന്നുള്ളതല്ല ഇപ്പോൾ ആലോചനക്കു വിഷയമായിരിക്കുന്നതു്.

Mr. M. P. Madhavan Pillai: ഒരു പ്രത്യേക ടെക്നിക്കൽ യോഗ്യതയുള്ള ഒരാളെ അങ്ങിനെയുള്ള യോഗ്യതയാവശ്യമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതുകൊണ്ടു അയാൾ യോഗ്യനല്ലാഎന്നു വരുന്നതാണോ?

Mr. Tariatu Kunjitomman: ഞാനും അതുതന്നെയാണു ചോദിക്കുന്നതു്. കണ്ടിടത്തോളം ഇദ്ദേഹം ഇപ്പോൾ വഹിക്കുന്ന ഉദ്യോഗത്തിനു യോഗ്യനാണെന്നു പറയുവാൻ കഴിയും.

Mr. K. P. Nilakanta Pillai: ഇദ്ദേഹത്തിനു ഈ ഡിപ്പാർട്ടുമെൻറു ഭരിക്കുവാൻ സാമർത്ഥ്യമുണ്ടെന്നു കണ്ടറിഞ്ഞതിനു ശേഷമാണോ നിയമനം നടത്തിയതു്?

Mr. Tariatu Kunjitomman: കായ്ങ്ങാം പുറകോട്ടുപോയി നോക്കുകയല്ല ചെയ്യുന്നതു്. ഇതുവരെയുള്ള അനുഭവം വച്ചുനോക്കി ഒരാളെ യോഗ്യനൊ അയോഗ്യനൊ എന്നു നിശ്ചയിക്കുവാൻ കഴിയും. കണ്ടിടത്തോളം യോഗ്യനായിട്ടാണു കാണുന്നതും. ഇദ്ദേഹം ഈ ഡിപ്പാർട്ടുമെൻറു ഭരിക്കുവാൻ അയോഗ്യനാണെന്നു എപ്പോൾ കാണുന്നുവൊ അപ്പോൾ അദ്ദേഹത്തെ അവിടന്നു പറഞ്ഞയക്കണം. അല്ലാതെ വേറെ ഒരു വകുപ്പിൽനിന്നും വന്ന എന്നുള്ളതൊ ഈ വകുപ്പിൽതന്നെ ഇരുന്നുന്നിരുന്ന എന്നുള്ളതൊ ഒരു മാനദണ്ഡമായി ഗണിച്ചുകൂടാ.

Mr. K. P. Nilakanta Pillai: യോഗ്യത കൂടുതലുള്ളവർ ഡിപ്പാർട്ടുമെൻറിൽതന്നെയിരിക്കെ, യോഗ്യതകുറഞ്ഞവരെ നിയമിക്കണമെന്നാണോ മെമ്പർ പറയുന്നതു്?

Mr. Tariatu Kunjitomman: ഡിപ്പാർട്ടുമെൻറിലുള്ളവരെക്കാൾ കൂടുതൽ യോഗ്യൻ ഇദ്ദേഹമാണെന്നു കണക്കാക്കിയിരിക്കും.

Mr. J. John Kattakayam: സീനിയർ ഡിസ്ട്രിക്ട രജിസ്ട്രാർ മി. പത്മനാഭപിള്ള ഇതിനു പറഞ്ഞ ആളല്ലാ എന്നു മെംബർക്കു പറയാമോ?

Mr. Tariatu Kunjitomman: മി. പത്മനാഭപിള്ളയെപ്പറ്റി ഞാൻ ഒന്നുംതന്നെ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: മി. ഹൊലനെ രജിസ്ട്രേഷൻ ഡയറക്ടരായി നിയമിച്ചാൽ ശോഭിക്കുകയില്ലേ?

Mr. Tariatu Kunjitomman : ശോഭിക്കുമായിരിക്കും. മി. കെ. പി. നീലകണ്ഠപ്പിള്ളയെ നിയമിച്ചാലും ശോഭിച്ചേക്കും. ഇന്നയാളിനെ—ഇന്ന യോഗ്യതയുള്ളയാളിനെ തന്നെ—ഡയറക്ടരായി നിയമിക്കണമെന്നില്ലല്ലൊ. ഇപ്പോഴത്തെ ഡയറക്ടർ ആ സ്ഥാനം കൈയേറ്റ നാൾമുതൽ ഇതുവരെ ഭംഗിയായി ഭരിക്കുന്നുണ്ട്. ആ ഡിപ്പാർട്ടുമെൻറിലെ അഴിമതികൾക്ക് അല്പം അല്പം ശമനം ഉണ്ടാകുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുമുണ്ട്.

Mr. K. P. Nilakanta Pillai: ഇപ്പോഴത്തെ ഡയക്ടക്ക് ടെക്നിക്കൽ യോഗ്യതകളൊന്നും ഇല്ലെന്നാണൊ മെമ്പർ പറയുന്നത്?

Mr. Tariatu Kunjitomman: എന്നല്ല, രജിസ്ട്രേഷൻ ഡയറക്ടർസ്ഥാനം വഹിക്കുന്നതിനു ടെക്നിക്കൽ യോഗ്യതയുടെ ആവശ്യമില്ലെന്നാണു ഞാൻ പറഞ്ഞത്.

Mr. A. N. Visvanatha Pillai : ടെക്നിക്കൽ യോഗ്യതയുള്ള ഒരാളിനെ അതിൻറെ ആവശ്യമില്ലാത്ത മറെറാരു ഡിപ്പാർട്ടുമെൻറിൽ അയക്കേണ്ടയാവശ്യമുണ്ടോ?

Mr. Tariatu Kunjitomman : അത്തരം യോഗ്യതയുള്ള ആളാണെങ്കിൽതന്നെയും വേറൊരു ഡിപ്പാർട്ടുമെൻറു ഭരിക്കാൻ യോഗ്യനാണെന്നുകണ്ടാൽ അങ്ങോട്ടയക്കുന്നതിലെന്താണു തരക്കേട്?

The Council adjourned at 5-3 P. M.

P. PARAMESVARAN PILLAI,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly